ലൈസൻസ് നമ്പർ: JC2-2298/2023 തീയ്യതി : 02/06/2023

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്(1994-ലെ 13)232,233,234,254 എന്നി വകുപ്പുകളും അതേ തുടർന്നുള്ള ചട്ടങ്ങളും അനുസരിച്ച്

## ഫാക്ടറികൾ,വ്യവസായങ്ങൾ,സംരംഭങ്ങൾ,മറ്റു സേവനങ്ങൾ എന്നിവക്കായി നൽകുന്ന ലൈസൻസ്

| | |
|---|---|
| ലൈസൻസിയുടെ പേരും മേൽവിലാസവും | സാജു മാത്യു,<br>പാലയ്ക്കൽ പുത്തൻപുര ,<br>അങ്ങാടിക്കടവ് പി. ഒ<br>പിൻ -670706 |
| സ്ഥാപനത്തിന്റെ പേരും സ്ഥലനാമവും | അലീന സ്റ്റോഴ്സ് , അങ്ങാടിക്കടവ് |
| ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | ഫാൻസി,പലചരക്ക്,പച്ചക്കറി,സോഫ്റ്റ് ഡ്രിങ്ക്സ്,പഴങ്ങൾ, സ്റ്റേഷനറി, സ്പൈസസ് ,ഫുട് വെയർ |
| കെട്ടിടത്തിന്റെ നമ്പരും വാർഡ് നമ്പരും | AP 6/541 |
| ലൈസൻസ് കാലയളവ് | 31/03/2024 വരെ |
| ഈടാക്കിയ ലൈസൻസ് ഫീസ് | 500 /- രസീത് നമ്പർ 1230100410 02/06/2023 |
| ലൈസൻസ് അനുവദിക്കുന്നതിനായി ഹാജരാക്കിയ നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ വിശദാംശങ്ങൾ(നമ്പർ,തീയ്യതി,കാലയളവ്,നൽകിയ അധികാരസ്ഥാനം) | |

Document certified by E V VENUGOPAL <venugopalev20@gmail.com>.
Digitally signed by E V VENUGOPAL
Date: 2023.06.02 15:17:42 IST
Reason: ILGMS Govt. of kerala

ലൈസൻസി താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു

1. കേരള പഞ്ചായത്ത് രാജ് ആക്ടും അതേ തുടർന്നുള്ള ചട്ടങ്ങളും ബൈലകളും അനുസരിച്ച് പ്രവർത്തിക്കേണ്ടതാകുന്നു.
2. തൊഴിൽ സ്ഥലവും അതിലുള്ള സാധന സാമഗ്രികളും പഞ്ചായത്തധികാരികൾക്കോ/സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി വേണ്ട സൌകര്യം നൽകേണ്ടതും അവർ ആവശ്യപ്പെട്ടാൽ ഈ ലൈസൻസ് കാണിക്കേണ്ടതും ആകുന്നു.
3. ഏതു സ്ഥലത്തിൻറെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസി തൻറെ പേരും ലൈസൻസിൻറെ നമ്പരും ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്
4. പഞ്ചായത്തിൽ നിന്നും അനുവാദം ലഭിച്ച ശേഷമല്ലാതെ തൊഴിൽ സ്ഥലം മാറ്റാൻ പാടില്ലാത്തതും തൊഴിൽ നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി പഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു.
5. തൊഴിൽസ്ഥലവും പരിസരവും വൃത്തിയായും സാംക്രമിക രോഗാണുക്കൾ ഉണ്ടാക്കാത്ത വിധത്തിലും പൊതുജനോപദ്രവകരമാകാത്ത വിധത്തിലും വ്യാപാരത്തിനു വെച്ചിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഈച്ച, അണുക്കൾ , പൊടി മുതലായവയുടെ ശല്യം ഉണ്ടാക്കാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്
6. ഒരോ പ്രവൃത്തി ദിവസത്തിൻറെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്
7. ആ സ്ഥലത്തിൻറയോ പരിസരത്തിൻറെയോ ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച്, സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യേണ്ടതാണ്
8. ലൈസൻസി ഏതൊരു കെട്ടിടത്തിൻറെയും ചുവരുകളുടെ അകവശത്തിൻറെ ഏതൊരു ഭാഗവും മേൽപറഞ്ഞ പരിസരത്തുള്ള തറയും നടപ്പാതയും അവിടെ തെറിച്ച് വീഴാനിടയുള്ള എതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പുചവറോ , അസഹ്യവും ഉപദ്രവകരവുമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്ക വിധം എപ്പോഴും നന്നായി കേടുപാട് തീർത്ത് നിലനിർത്തേണ്ടതാണ്.
9. ലൈസൻസി മേൽപറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാട് തീർത്തു വെക്കേണ്ടതാണ്
10. അയിത്തം ആചരിക്കുന്ന കടകളുടെ ലൈസൻസ് റദ്ദ ചെയ്യുന്നതാണ്
11. ഏതെങ്കിലും തരത്തിലുള്ള ത്വക് രോഗമോ കുഷ്ഠരോഗമോ പകർച്ചവ്യാധികളോ ഉള്ള യാതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്തും പരിസരത്തും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.
12. നിരോധിത പ്ലാസ്റ്റിക് ഇനങ്ങൾ ഉൽപ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യാൻ പാടില്ല.
13. സ്ഥാപനത്തിൻറെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്
14. 20 സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും റസ്റ്റോറൻറുകൾക്കും ടോയ് ലെറ്റ് സൌകര്യം ഏർപ്പെടുത്തേണ്ടതാണ്
15. നിരോധിത ഉൽപ്പന്നങ്ങളായ പാൻ മസാല , ഗുഡ്ഖ തുടങ്ങിയവ സംഭരിച്ചുവെക്കുവാനോ വിൽകാനോ പാടില്ല
16. ബാലവേല അനുവദിക്കാൻ പാടില്ല
17. അപേക്ഷയോടനുബന്ധിച്ച് ഹാജരാക്കിയിട്ടുള്ള നിരാക്ഷേപ പത്രങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്
18. ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോബിൻ, എയറോബിക് ബിൻ ബയോഗ്യാസ് പ്ലാൻറ് മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
19. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ സംഭരണവും വിതരണവും ഉപയോഗവും ലൈസൻസ് റദ്ദാക്കുന്നതിന് പര്യാപ്തമായ കാരണം ആയിരിക്കുന്നതാണ്
20. ആവശ്യമായ നിര ാക്ഷേപ സാക്ഷ്യപത്രങ്ങൾ യഥാസമയം ഹാജരാക്കേണ്ടതാണ്